LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത, നാടോടി, അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്നത് അതാതു മേഖലകളിലെ പ്രമുഖരായ കലാകാരന്മാരാണ്. കേരളാ ഫോക്ക്‌ലോർ അക്കാദമിയുമായി സഹകരിച്ചാണ് 'ഉത്സവം' പരിപാടിയിലേക്ക് കലാരൂപങ്ങളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കുന്നത്. ടൂറിസം സീസണിൽ പരിപാടികൾ സംഘടിപ്പിക്കുന്നതുകൊണ്ട് വിനോദ സഞ്ചാരികൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളേയും കലാകാരന്മാരേയും പരിചയപ്പെടുവാനും കേരളത്തിന്റെ തനത് കലാപാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു.

ഡി.റ്റി.പി.സി.യിലെ പ്രശ്നങ്ങൾ

313 (2869) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഡി.റ്റി.പി.സി.യുടെ 2011-12 മുതൽ 2014-15 വരെയുള്ള ലാഭം, ചെലവ്, വരുമാനം എന്നിവ വ്യക്തമാക്കാമോ ; പുതിയതായി എത്രപേർക്ക് ഇവിടെ നിയമനം നൽകിയിട്ടുണ്ട് ; സാമ്പത്തിക ബാധ്യതയുള്ള സ്ഥാപനം നിയമനങ്ങൾക്ക് പത്രപ്പരസ്യം നൽകാൻ എന്ത് തുക ചെലവഴിച്ചു ; നിയമനങ്ങൾ നൽകിയത് ആരാണ് ; ഉത്തരവ് തീയതിയും യോഗ്യതയടങ്ങിയ വിവരങ്ങളുടെ പകർപ്പുകളും നൽകാമോ ; കൗൺസിൽ അനുമതി നൽകിയ മിനിട്സിന്റെ കോപ്പി നൽകുമോ ;

(ബി) സാമ്പത്തിക അച്ചടക്കം പാലിച്ച് സ്ഥാപനത്തിന് വരുമാനം കണ്ടെത്തുന്നതിന് വേണ്ടി 2012-ൽ ശംഖുമുഖത്ത് നടത്തിയ " കടലോളം ഓണം" കാർണിവെൽ നഗരസഭ നികുതി ഒഴിവാക്കി നൽകുകയും വമ്പിച്ച വരുമാനം ലഭിക്കുകയും ചെയ്തിട്ടും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ ; സെക്രട്ടറിയുടെ പേരിൽ ആരെങ്കിലും വിജിലൻസിന് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(സി) ഡി.റ്റി.പി.സി. സെക്രട്ടറിയുടെ സാമ്പത്തിക ഇടപാടുകളും, ശംഖുമുഖത്തെ സുനാമി പാർക്ക്, കടല്കാണി ടൂറിസ്റ്റ് സൗധം, ആക്കുളം ടൂറിസ്റ്റ് വില്ലേജ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വന്ന പരാതികൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?